കോവിഡ് വ്യാപനത്തിനെതിരെ പൊതുജനങ്ങൾ കനത്ത ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ എ അലക്സാണ്ടർ അറിയിച്ചു. ജില്ലയിൽ സമ്പർക്കം മൂലമുള്ള കേസുകൾ ഏറിയ സാഹചര്യത്തിലാണിത്. അനാവശ്യമായി പുറത്തിറങ്ങുന്നതും ബന്ധു വീടുകളിലെ സന്ദർശനവും സുഹൃദ് സംഗമങ്ങളും ഒഴിവാക്കണം. രോഗികളെ സന്ദർശിക്കാനായുള്ള ആശുപത്രി സന്ദർശനവും ഒഴിവാക്കണം.

സർക്കാരും ആരോഗ്യ വകുപ്പും നല്കുന്ന നിർദേശങ്ങൾ കർശനമായി പാലിക്കണം. കായംകുളം നഗരസഭ അടക്കം കണ്ടെൻമെന്റ് സോണായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ നിയന്ത്രണം കടുപ്പിക്കുമെന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ പറഞ്ഞു. രോഗവ്യാപനസാധ്യത ഒഴിവാക്കുന്നതിനാണ് ഈ നിർദേശങ്ങൾ. പൊതുജനങ്ങൾ സഹകരിക്കണമെന്നും ജില്ലാകളകർ അറിയിച്ചു. പൊതു സ്ഥലങ്ങൾ, സർക്കാർ - സർക്കാരിതര സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, തുടങ്ങിയവയിൽ സാമൂഹിക അകലം ഉറപ്പാക്കണം. മാസ്ക്, സാനി റൈസർ എന്നിവയുടെ ഉപയോഗവും ഉറപ്പു വരുത്തണം.